## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4837 — 04.07.2012ൽ മറുപടിയ്ക്ക്

**കോളേജ് ലക്ചറർ (ഹിസ്റ്ററി) തസ്തികയിലെ ശ്രീമതി.ഷീനാകൃഷ്ണന്റെ നിയമനം**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കോളേജ് ലക്ചറർ (ഹിസ്റ്ററി) തസ്തികയിൽ പി.എസ്.സി അഡ്വൈസ് ചെയ്ത ശ്രീമതി.ഷീനാകൃഷ്ണന് യഥാസമയം നിയമനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ശ്രീമതി.കലാരാജൻ, കല്പന വീട് എന്ന ഉദ്യോഗാർത്ഥിയെ പബ്ലിക് സർവ്വീസ് കമ്മീഷൻ തെറ്റായി അഡ്വൈസ് ചെയ്തതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ടിയാളുടെ നിയമനം റദ്ദ് ചെയ്തിരുന്നു. പകരം അഡ്വൈസ് ചെയ്ത ശ്രീമതി.ഷീന കൃഷ്ണന് നിയമനം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലായിരുന്നു. അതിനാലാണ് നിയമനം നൽകുന്നതിന് താമസം നേരിട്ടത്. |
| (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | (സി) | ആറ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി)&(ഇ) | റാങ്ക് ലിസ്റ്റ് പ്രകാരം പ്രസ്തുത ഒഴിവുകളിലേക്ക് ഒന്നാമതായി പരിഗണിക്കേണ്ടിയിരുന്നത് ആരെയാണെന്ന് അറിയിക്കുമോ ; ആരെയാണ് പരിഗണിച്ചത്; | (ഡി) & (ഇ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് റൊട്ടേഷൻ ക്രമ പ്രകാരം ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. |

| | | | |
|---|---|---|---|
| (എഫ്) & (ജി) | പി.എസ്.സി തെറ്റായി അഡ്വൈസ് ചെയ്തതു കാരണം ശ്രീമതി ഷീനാകൃഷ്ണന് യഥാസമയം ജോലി ലഭിക്കാത്തതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;<br><br>ജോലി യഥാസമയം നൽകാത്തതിന് ഉത്തരവാദികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ; | (എഫ്) & (ജി) | ശ്രീമതി.കലാരാജൻ കല്പനവീടിന്റെ നിയമനം റദ്ദാക്കിയതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തതു കാരണവും ഈ കേസ് തീർപ്പാക്കാത്തതിനാലും ശ്രീമതി.ഷീന കൃഷ്ണന്റെ നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലായിരുന്നു.തുടർന്ന് ടിയാൾക്ക് നിയമനം നല്കുന്നതിന് നിയമതടസ്സം ഇല്ലെന്ന് സർക്കാരിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ബി2/33543/2009/കോ.വി.വ തീയതി 29/6/2012 നം.ഉത്തരവ് പ്രകാരം ടിയാൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| എച്ച്) | ഇക്കാര്യത്തിൽ എന്തെങ്കിലും കേസ് കോടതികളിൽ നിലവിലുണ്ടോ; | എച്ച്) | ഉണ്ട്. |
| ഐ) | ഉണ്ടെങ്കിൽ കേസ് ആരാണ് ഫയൽ ചെയ്തിട്ടുള്ളത് എന്നും ആർക്കെതിരെയാണ് ഫയൽ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ; | ഐ) | ശ്രീമതി.കലാരാജൻ കല്പന വീട് കേസ് ഫയൽ ചെയ്തിട്ടുണ്ട്.State of Kerala & Others-നെതിരായാണ് ഫയൽ ചെയ്തിട്ടുള്ളത്. |
| ജെ) | കേസ് നിലവിലുണ്ടെങ്കിലും ശ്രീമതി.ഷീനാകൃഷ്ണന് ജോലി നൽകുന്നതിനും ആയത് അവർക്ക് അർഹതപ്പെട്ട തീയതി മുതൽ വേതനം നൽകിക്കൊണ്ടും സീനിയോറിറ്റി അംഗീകരിച്ചുകൊണ്ടും നൽകുന്നതിനും ഭാവിയിൽ ഇതു സംബന്ധിച്ച് വരാവുന്ന കോടതി വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | ജെ) | ശ്രീമതി.ഷീനകൃഷ്ണന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.സീനിയോറിറ്റി,അഡ്വൈസ് തീയതി പ്രാബല്യത്തിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ